2025 ജൂൺ ലക്കം 52

# ഇതളുകൾ


eMagazine



# ഇതളുകൾ വിരിയുമ്പോൾ



ഡോ.സത്യൻ പൂക്കുട്ടത്ത്
ചീഫ് എഡിറ്റർ
ഇതളുകൾ



കവർ ഡിസൈൻ
സജീവ് കുമാർ


02 ഇതളുകൾ വിരിയുമ്പോൾ

03 പ്രണയതത്വശാസ്ത്രം
വിജയകൃഷ്ണൻ തെക്കേമൊക്കടത് (കവിത)

04 ഇവിടെ ഓണമാണ്
രമാ പ്രസന്ന പിഷാരടി (കവിത)

05 മഴക്കഥ
ആർ. രാധാകൃഷ്ണൻ (കഥ)

07 ‘കാണാപ്പുറങ്ങൾ’ സിനിമയിലെ സ്ത്രീ ജീവിതങ്ങൾ
ജ്യോതി കെ. ജി (വായനാവഴിയിലൂടെ)

10 നിന്റെ ഓർമ്മകൾ
അശോക് കുമാർ (കവിത)

11 കംബോഡിയയും വിയറ്റ്നാമും ഒരു കുടുംബയാത്ര
ദീപക് സഹസ്രനാമൻ (യാത്രാവിവരണം)

16 പാഠം ഒന്ന്
The Day Time Got Away
Aiza Manha (Poem)

17 മായുന്ന ഭൂപടങ്ങൾ
ശാന്തി കൃഷ്ണൻ (കവിത)

18 സമാന്തരരേഖയിലെ മൗനസഞ്ചാരങ്ങൾ
അലി പൊന്നാനി (കവിത)



**Design & Layout**

emerge INFOTECH
www.emergeinfotech.com

Please visit www.sgmalayalees.com for your free online copies of Ithalukal

The articles of Ithalukal are the visions and expressions of authors only. We respect your valuable feedback and inviting genuine creations/ articles for the next edition. Kindly email to Ithalukal: editors@sgmalayalees.com



# പ്രണയതത്വശാസ്ത്രം

(ഷെല്ലിയുടെ "Love's Philosophy" എന്ന കവിതയുടെ സ്വതന്ത്രവിവർത്തനം



വിജയകൃഷ്ണൻ തെക്കേമാക്കടത്

പുഴകളെ തേടുന്നു തെളിനീരുറവകൾ,
നദികളോ സാഗരഹൃത്തടം പൂകുന്നു.
കാറ്റുകളൊന്നുചേരും ഗഗനസീമയിൽ
സ്വർഗീയസൗന്ദര്യ വർണ്ണ വിസ്ഫോടനം.
ഒറ്റയായൊന്നുമില്ലറികയീയവനിയിൽ,
വിശ്വചൈതന്യങ്ങൾ സംഗമിക്കുന്നൊരാ
ബിന്ദുവാണേക തത്വം, ദേവസങ്കല്പം.
എങ്കിലുമിപ്പൊഴുമൊന്നുചേരാതെ നാ
മേകരായ് ദൂരമിരിക്കുന്നതെന്തിനോ ?

നാകങ്ങൾമുത്തും മഹാശൈലശിഖരങ്ങൾ, നാ-
മൊന്നെന്നുരക്കുന്നു സാഗരവീചികൾ
ഭൂവിനെയാലിംഗനം ചെയ്‌വൂ ദിനകരൻ
നിലാവുമ്മവക്കുമ്പോൾ ശാന്തമായ് വൻകടൽ.
എങ്കിലുമോമലേ, എന്നിലേക്കെത്തിയീ
വിശ്വലയങ്ങൾതൻ മാധുര്യമോലുമൊരു
ചുംബനം പോലുമെന്തേ നൽകിയില്ല നീ ?

കവിത



രമാ പ്രസന്ന പിഷാരടി

# ഇവിടെ ഓണമാണ്

മഴയെഴുത്തിൽ
നിന്നോണത്തിലേക്കുള്ള
സമയദൂരം ഒരാവണി
പ്പൂവിതൾ..

മുടിയഴിച്ചും,
കലമ്പിയും കാർമുകിൽ
പ്പട വരുന്നതും,
പോകുന്നതും കണ്ട്

പടിയിൽ ശ്രാവണം
നിൽക്കുന്നു സൂര്യന്റെ
കനലിൽ നിന്നൊരു
ദീപം തെളിക്കുന്നു

കരകവിഞ്ഞെത്ര
കടലുകൾ കായാമ്പൂ
നിറമണിഞ്ഞെത്ര
കാർമേഘസന്ധ്യകൾ!

കനലിലാളിപ്പടർന്ന
യുദ്ധങ്ങളിൽ
തിമിരമിറ്റിച്ച് നിൽക്കും
പലായനം

ഇഴകൾ തെറ്റിപ്പിടഞ്ഞ്
വീഴും പ്രാണനൊടുവി
ലാത്മാഹുതിയ്ക്കാ
യൊരുങ്ങവേ;

പ്രകൃതിയെന്നും പറഞ്ഞു
പോകുന്നുണ്ട്
പൊരുതി നിൽക്കുക
മണ്ണെഴുത്താണിത്

സകലതും വേനലാ
ഹൂതി ചെയ്കിലും
അവിടെ വീണ്ടും
വസന്തം വിരിഞ്ഞിടും

മഴ തിമിർക്കുന്നൊ
രാടിമാസം കഴിഞ്ഞൊരു
തിളക്കം, ഒരോണ
ത്തിനാരവം

കടൽ കടന്ന്
ദേശാന്തരങ്ങൾ
ഭൂമിയരികിലൊരു പൂവ്
പോലെ വിടരുന്നു

ഇലകൾ, പച്ചപ്പ്
പൂക്കളം ലോകമേ
ഇവിടെയൊക്കെയും
ശ്രാവണക്കാഴ്ചകൾ..

കഥ



# മഴക്കഥ

പാതികഴിഞ്ഞ ജൂലൈ മാസത്തിൽ ഒരു വൈകുന്നേരം പടിഞ്ഞാറ് കറുത്ത മേഘം ഘനീഭൂതമായികിടന്നു. കുട്ടികൾ വീട്ടിലേക്ക് ഓടി രക്ഷപ്പെടുന്നു. പക്ഷേ അവളുടെ കണ്ണുകൾ ആകാശത്തുടക്കി നിന്നു. അവൾ എന്തോ തേടി ' മഴയെ കാറ്റിനെ.

വേനലിൽ ഒരു പൂവായിരുന്ന ഉമ്മക്കു ലുസുവിന് മഴക്കാലം പെരുത്തിഷ്ടമാണ്. അവളെ നോക്കി കാറ്റിന് പാടാൻ തോന്നും.

പക്ഷേ ഇത്തവണ മഴ വന്നു പതിവില്ലാത്ത ശക്തിയോടെ '

ഹൈപ്പർ ആക്ടീവായ കുട്ടി കണക്കെ കാറ്റ് ഓടിവന്നു. മരങ്ങളുടെ ചില്ലകൾ മുടിയഴിച്ച് തുള്ളുന്ന വെളിച്ചപ്പാടിനെ പോലെ ഉറഞ്ഞുതുള്ളി. കുളത്തിലെ പച്ച പായൽ പോലും പറന്നു പോകുന്ന കാറ്റ് '

'ആടി തിമിർത്തു ആടിത്തകർത്ത് ആടിപ്പകർന്ന് ആടിതെളിഞ്ഞു നിറഞ്ഞാടുന്നു മഴ ആടിമാസ കാറ്റിനൊപ്പം .

അവൾ വീട്ടിലേക്ക് ഓടിയില്ല.മറിച്ച് മഴയിൽ നിറയെ മുങ്ങി കാറ്റിനൊപ്പം അവൾ കൈ നീട്ടി നിന്നു. കാറ്റ് ഇതിനുമുമ്പ് ഇത്തരം കുഞ്ഞുഹൃദയം കണ്ടിട്ടില്ല. മഴ നന്നാവില്ല എന്ന് പറഞ്ഞ് ലോകം ഒളിച്ചോടിയപ്പോൾ ഉമ്മ ക്കുലുസുമാത്രം കാറ്റിനൊപ്പം പാടുക യായിരുന്നു.

'വീണ്ടുമൊരു മഴയാകാം ഞാൻ

നീയൊരു നൃത്തം ചെയ്യുമെങ്കിൽ'

കാറ്റു പറഞ്ഞു

അന്ന് മുതൽ മഴയും കാറ്റും അവളും ചേർന്ന സംഗീതം ആ ഗ്രാമത്തിന് ഒരു കഥ പോലെ തോന്നി.

• • •



**ആർ. രാധാകൃഷ്ണൻ**


SINCE 1958 Enhancing Food Experience
HOUSE BRAND
HOUSE BRAND
ENHANCING FOOD EXPERIENCE
SINCE 1958
HOUSE BRAND
BATTER MIX AVAILABLE
IN 1KG & 5KG PACK
NET WT: 1KG
250g FREE
CRISPY
DOSA&VADA
SOFT
IDLY
Idly Dosa Batter
Ready to use wet batter mix
இட்லி தோசை மாவு
Net Wt.: 1.25KG
Net Wt.: 5KG
Vada Batter
Ready to use wet batter mix
வடை மாவு
Net Wt.: 500G
Ragi Dosa Batter
Ready to use wet batter mix
Net Wt.: 1KG
K.N.P Trading Private Limited
in association with
Suriya Trading Enterprises (S) Pte. Ltd
50 Senoko Drive, Singapore 758232
Tel: 62573712 | www.knp-housebrand.com
HALAL SINGAPORE
READY TO COOK \ IDLI - DOSA BATTER \ SPICES \ RICE \ FLOURS \ DHALS AND BEANS \ INSTANT MIXES \ GROUND SPICES \ DRY FRUITS


വായനാ വഴിയിലൂടെ

ഗ്രന്ഥകാരൻ:
**എം.വേണുകുമാർ**
പ്രസാധകർ:
**ചിന്ത**
നിരൂപണം തയാറാക്കിയത്:
**ജ്യോതി കെ.ജി**



ജ്യോതി കെ.ജി




# ‘കാണാപ്പുറങ്ങൾ’

## സിനിമയിലെ സ്ത്രീ ജീവിതങ്ങൾ

കനലടങ്ങാത്ത ജീവിതത്തിൻറെ തീച്ചൂളയിൽ വെന്തുരുകുമ്പോഴും കലയെ ജീവശ്വാസമായി കണ്ട കലാകാരികളുടെ കഠിന ജീവിതത്തിൻറെ കഥകൾ തുറന്നു പറയുന്നതാണ് എം.വേണുകുമാറിൻറെ ‘കാണാപ്പുറങ്ങൾ’ എന്ന പുസ്തകം. വൈകാരികമായ സ്ത്രൈണാനുഭവങ്ങൾ എന്നതിലുപരി സെല്ലുലോയ്ഡിൽ വിസ്മയങ്ങൾ സൃഷ്ടിച്ച ചലചിത്രങ്ങളിൽ നിന്നും തിരസ്കൃതരായ അഭിനേത്രികളും ഗായികമാരുടെയും ജീവിതത്തെ അടുത്തറിയുന്നതോടൊപ്പം ഒരു കാലഘട്ടത്തിൻറെ ഓർമകൾ പുഃനരാനയിക്കപ്പെടുന്ന പുസ്തകം. ജീവിതം മുഴുവൻ കലയ്ക്കുവേണ്ടി സമർപ്പിച്ചിട്ടും കിനാവുകളിൽ കണ്ണീർ പുരണ്ട കഥകളാണ് ഇവർ പറഞ്ഞവസാനിപ്പിക്കുന്നത്. മച്ചാട് വാസന്തി, കനകദുർഗ, ഷെറിൻ പീറ്റേഴ്സ്, നിലമ്പൂർ ഐഷ, ടി പി രാധാമണി, സുരേഖ, പാലാ തങ്കം, കുശലകുമാരി, ഖദീജ, ശാന്താദേവി എന്നിവരുടെ ജീവിതത്തിലെ കയ്പേറിയ ജീവിതാനുഭവങ്ങളുടെ കാണാപ്പുറ ങ്ങളിലേക്ക് തുറക്കുന്ന ജാലകമാണ് ഇതിലെ ഓരോ അധ്യായങ്ങളും.

മലയാള നാടകഗാനവേദിക്കും, ചലചിത്രഗാന രംഗത്തും അടയാളപ്പെടുത്തപ്പെട്ട ഒട്ടനവധി ഗാനങ്ങൾക്കും അഭിനയ മുഹൂർത്തങ്ങൾക്കും ജീവൻ പകർന്നു നൽകിയ മച്ചാട്ട് വാസന്തി. കമ്യൂണിസ്റ്റ് പാർട്ടിയുടെ സമ്മേളന നഗരികളിലെ വിപ്ലവ ഗാനങ്ങളിലൂടെയായിരുന്നു പിന്നണിഗാന രംഗത്തേക്കുള്ള വാസന്തിയുടെ

സുൽത്താനായ എം എസ് ബാബുരാജിൻറെ 'മിന്നാമിനുങ്ങ്' എന്ന ചിത്രത്തിലൂടെയണ് കലാരംഗത്തേക്ക് കടന്നുവന്നത്. ബാബുരാജിൻറെ കരുതലിലും തണലിലും വാസന്തി അറിയപ്പെട്ട ഗായികയായി. വിവാഹശേഷം ദുരന്തപൂർണ്ണമായി തീർന്ന കുടുംബജീവിതം. രോഗങ്ങളും ദുരിതങ്ങളും പിടിമുറുക്കിയ ജീവിതത്തോട് പൊരുതി വേദനയുടെ കരകാണാക്കടൽ നീന്തിയെങ്കിലും പാട്ടിൻറെ ലോകത്തേക്ക് ഒരിക്കൽ കൂടി മടങ്ങി വരാൻ കഴിയാതെ ആ യാത്ര അവസാനിച്ചു.

പി വത്സലയുടെ നെല്ല് നോവലിനെ ആസ്പദമാക്കി പുറത്തിറങ്ങിയ സിനിമയിൽ കുറുമാട്ടി എന്ന ആദിവാസിപ്പെണ്ണിനെ അവതരിപ്പിച്ച കനകദുർഗ്ഗയുടെ ജീവിതത്തെ കാലം വല്ലാതെ മാറ്റിയിരിക്കുന്നു. സിനിമാനഗരമായ ചെന്നൈയിൽ സിനിമയോട് അത്രവലിയ ചങ്ങാത്തമൊന്നും ഇല്ലാതെ ജീവിക്കുന്ന ഇന്നലത്തെ താരമായി. കുറച്ചുകാലം മാത്രമാണ് കനകദുർഗ മലയാള സിനിമകളിൽ ഉണ്ടായിരുന്നുള്ളൂ എങ്കിലും അറുപതോളം വ്യത്യസ്ത കഥാപാത്രങ്ങളിൽ അഭിനയിച്ചു. സിനിമകളിലും സീരിയലുകളിലും അമ്മവേഷം തരാം എന്ന് പറഞ്ഞുവരുന്നവരോട് "ഞാൻ അഭിനയം നിർത്തി, ഇനി വിശ്രമകാലം " എന്ന മറുപടി . അഭിനയത്തോട് പണ്ടുണ്ടായിരുന്ന മോഹമോ ആവേശമോ ഇന്നില്ലെങ്കിലും കടന്നുപോയ ആ സിനിമക്കാലം നിധിപോലെ മനസ്സിൽ സൂക്ഷിക്കുന്നുണ്ട്. ഭർത്താവിൻറെ മരണശേഷം ഒറ്റപ്പെടലിനെ മറികടക്കാൻ ഇന്ന് അമ്പതോളം അന്തേവാസികളുള്ള സ്ഥാപനത്തിൻറെ നടത്തിപ്പ് ചുമതലക്കാരിയായി. തൻറെ ദുഃഖങ്ങൾ തൻറേതുമാത്രമാണ് എന്ന ചിന്തയിൽ കടൽത്തീരമുള്ള ഇരുനില വീട്ടിൽ ഭർത്താവ് ഹേമചന്ദ്രൻറെ മന്ദഹസിക്കുന്ന ഛായാചിത്രങ്ങളുടെ നടുവിൽ സിനിമാ ഓർമകളുടെ പൂമരത്തണലിൽ ഏകാകിയായി ജീവിതം തുടരുന്നു. ഹൃദയരാഗങ്ങൾക്കൊപ്പം തൻറെ മധുരശബ്ദം ചേർത്തുവച്ച ഷെറിൻ പീറ്റേഴ്സ് നിർഭാഗ്യ ങ്ങളുടെ പാട്ടുകാരിയാണ്. കാരണം ഒരു പാട്ടുകാരിയുടെ പാട്ടുകൾക്കപ്പുറം കേൾക്കാതെ പോയ ഹൃദയം പൊള്ളിക്കുന്ന പ്രാണസങ്കടങ്ങളുടെ കഥയാണ് ഷെറിൻറെ ജീവിതം.

നർത്തകി ആകണമെന്ന വലിയ ആഗ്രഹത്തിന് അഘാതമേല്പിച്ചുകൊണ്ട് പോളിയോ രോഗം തളർത്തിയ കാലുകളിൽ നിന്ന് ചിലങ്ക എന്നന്നേക്കുമായി അഴിഞ്ഞുവീണു. പ്രയാസങ്ങളിൽ തളരാതെയുള്ള ആ പ്രയാണം പിന്നീട് നീന്തിക്കയറിയത് പാട്ടിൻറെ തീരത്തേക്കാണ്. ഒൻപത് വർഷം സംഗീതചക്രവർത്തിയായ ദക്ഷിണാ മൂർത്തിയുടെ കീഴിൽ സംഗീതം അഭ്യസിച്ചു ക്ലാസിക്കൽ സംഗീതക്കച്ചേരിയോട് കൂടിത്തന്നെ അരങ്ങേറ്റവും നടത്തി. പോളിയോ രോഗം ചക്രക്കസേരയിൽ ഇരുത്തിയിടത്തുനിന്ന് പാട്ടിൻറെ സ്വരവഴിയിലൂടെ ഏറെ ദൂരം സഞ്ചരിച്ചു. എന്നാൽ ആരോഗ്യസ്ഥിതി വീണ്ടും തളർത്തി. വീൽച്ചെയറുമായുള്ള യാത്രയും കാലിൻറെ അവശതയും തുടർ ചികിസ്തയും, പിന്തുണ നൽകിയ പിതാവിൻറെ മരണവുമെല്ലാം ഷെറിൻ പീറ്റേഴ്സ് എന്ന പാട്ടുകാരിയുടെ തിളക്കം ചുരുങ്ങിയ കാലം കൊണ്ട് അവസാനിപ്പിച്ചു. പുറംലോകത്തെ പ്രകാശവൃത്തങ്ങൾ നഷ്ടമായപ്പോൾ വീട്ടിലെ ഇത്തിരി വട്ടത്തിലേക്ക് അവൾ ഒതുങ്ങിക്കൂടി. പാടിയ പാട്ടുകൾ വീണ്ടും വീണ്ടും കേട്ടുകൊണ്ട്, ആ നല്ല ഓർമകളെ തലോലിച്ചുകൊണ്ട്.

മലയാള മണ്ണിൽ സോഷ്യലിസ്റ്റ് സ്വപ്നങ്ങൾ വേരോട്ടം തുടങ്ങിയ കാലത്ത് മതത്തിൻറെ വിലക്കുകൾ പൊട്ടിച്ച് കലാലോകത്തേക്ക് കയറി വന്ന നിലമ്പൂർ ഐഷയുടെ അനുഭവകഥ വായിക്കുമ്പോൾ കേരളത്തിൻറെ സാമൂഹിക രാഷ്ട്രീയ നാടക ചരിത്രം കൂടിയാണ് വായക്കപ്പെടുന്നത്. മലബാറിൻറെ മണ്ണിൽ പിറന്ന് കേരളത്തിൻറെ സാമൂഹിക രാഷ്ട്രീയ നാടക ചരിത്രത്തിലെ സ്ത്രീസാന്നിദ്ധ്യമായ ഐഷ കലാകേരളത്തിന് സുപരിചിതയാണ്. യാഥാസ്ഥിതികരുടെ എതിർപ്പുകളെയും ജീവിത പ്രാരാബ്ധങ്ങളെയും നേരിട്ടുകൊണ്ട് പൊരുതിമുന്നേറിയ കലാകാരിയുടെ മനസ്സിലെ വിപ്ലവജ്വാല ഇന്നും അങ്ങനെ അണയാതെ നിൽക്കുന്നു. തളരാത്ത പോരാളിയുടെ മനസ്സോടെ. വിപ്ലവത്തിൻറെ തീച്ചൂളയിൽ നിന്നും ഗദ്ദാമയിലേക്ക് വന്ന ഐഷയ്ക്ക് തുല്യം ഐഷ മാത്രമായി.

മലയാള സിനിമയിലെ എന്നത്തെയും സൂപ്പർ താരങ്ങളായ സത്യനും മധുവും പ്രേംനസീറും തുടങ്ങി ഇന്നത്തെ സൂപ്പർ താരങ്ങളായ മമ്മുട്ടിയും മോഹൻലാലും കമലഹാസനും ഉൾപ്പെടെ നിരവധി താരങ്ങളുടെ കൂടെ അഭിനയിച്ച നടിയാണ് ടി പി രാധാമണി. അരവിന്ദൻറെയും അടൂരിൻറെയും മുതൽ സിബി മലയിലിൻറെയും സിദ്ധിഖിൻറെയും വരെ സിനിമകളിൽ മികച്ച വേഷങ്ങൾ ചെയ്തു. അതിസമ്പന്നതയുടെ വിശാലതയിൽ നിന്ന് സിനിമാവ്യാമോഹത്തിൽപ്പെട്ട് ചലചിത്രരംഗത്തേക്ക് കടന്നുവന്ന പതിനാലുകാരി. 'ഏഴുരാത്രികൾ' എന്ന സിനിമയിൽ ഒരു വേഷം ചെയ്തുകൊണ്ട് അഭിനയ ജീവിതം ആരംഭിച്ചു. പിന്നീട് കൈനിറയെ ചിത്രങ്ങൾ. സിന്ദൂരച്ചെപ്പ്, പെരിയാർ, ലേഡീസ് ഹോസ്റ്റൽ, തുറക്കാത്ത വാതിൽ, അനന്തശയനം, അനാഥ,

ജലകന്യക തുടങ്ങി തുടർച്ചയായി അഭിനയിച്ച ചലചിത്രരംഗത്തെ ഭാഗ്യനായികയ്ക്ക് ജീവിതത്തെ തകർത്ത കറുത്ത ദിനങ്ങളുടെ ഓർമകൾ ഏറെയുണ്ടുയാരുന്നു. ഭർത്താവിൻറെ ബിസിനസ്സ് തകർച്ചയും മോശമായ ആരോഗ്യസ്ഥിതിയും മകൻറെ ആക്സിഡൻറ് തുടങ്ങി ഒന്നിനു പിറകേ ഒന്നായുള്ള ദുരിതങ്ങൾ രാധാമണിയെ പിൻതുടർന്നു. ഒടുവിൽ വിധി ക്യാൻസറിൻറെ രൂപത്തിൽ ആ ശരീരത്തെ കവർന്നു. വേണ്ടത്ര ചികിസ്ത കിട്ടാതെയും ആഗ്രഹിച്ച സൗഭാഗ്യം നേടാതെയും ജീവിതം തള്ളിനീക്കിയ രാധാമണിയെ ഭൂമിയിലെ കഷ്ടജീവിതം ഇനിയും അനുഭവിച്ചത് മതി എന്ന കാരുണ്യത്തോടെ ഒടുവിൽ മരണം കൂട്ടിക്കൊണ്ടുപോയി.

ചലചിത്രനടിയായും ഡബ്ബിംഗ് ആർട്ടിസ്റ്റായും ഗായികയായും മലയാള ചലചിത്രരംഗത്ത് നിറഞ്ഞുനിന്ന അമ്മമുഖമാണ് പാലാ തങ്കം. ഒൻപതാം വയസ്സിൽ തുടങ്ങിയ കലാജീവിതം ഇരുളിലൂടെയും വെളിച്ചത്തിലൂടെയും നടന്നെത്തിയത് സ്നേഹപ്പൂമരമായ ഗാന്ധിഭവൻറെ തണലിൽ. വർഷങ്ങളോളം നിരവധി വേദികളിൽ നിറഞ്ഞുനിന്ന കലാകാരി സിനിമകഥകളെ വെല്ലുന്ന ജീവിതവഴിയിൽ ഒന്നും നേടാതെ ആരോടും പരാതിയോ പരിഭവമില്ലാ തെയാണ് അരങ്ങൊഴിഞ്ഞത്.

ഭരതൻ സംവിധാനം ചെയ്ത തകരയിലെ നായികയായി മലയാളിയുടെ മനസ്സ് സ്വന്തമാക്കിയ തെലുങ്ക് സുന്ദരി സുരേഖ സിനിമയുടെ വെള്ളിവെളിച്ചത്തിൽ നിന്നും വഴിമാറിയിട്ട് കാലം ഏറെയായി. അഭിനയസാധ്യതകൾ ഏറെയുള്ള ഒരു നാട്ടിൻപുറത്തുകാരിയും തൻറേടിയുമായ സുഭാഷിണി എന്ന കഥാപാത്രം സുരേഖ ഭാവോജ്ജ്വലമാക്കി എന്ന് സിനിമാസമൂഹം അവകാശപ്പെട്ടെങ്കിലും നിർഭാഗ്യവശാൽ പ്രേക്ഷകമനസ്സിൽ ഒരു ഗ്ലാമർ നടിയായി അടയാളപ്പെടുത്തുകയാണ് ചെയ്തത്. തകരയ്ക്ക് ശേഷം അഭിനയം തൊഴിലായി സ്വീകരിക്കുകയും ജീവിതത്തോട് സിനിമയെ ചേർത്തുവയ്ക്കുകയും ചെയ്തിട്ടും ഒരു അഭിനേത്രിയുടെ മികവ് പ്രകടിപ്പിക്കാൻ തക്കവണ്ണം പിന്നീട് ഒരു വേഷവും കിട്ടിയില്ല. പത്മരാജൻ, ഐ വി ശശി, ഭദ്രൻ ഉൾപ്പെടെ നിരവധി സംവിധായകരുടെ ചിത്രങ്ങളിൽ അഭിനയിക്കാൻ സുരേഖയ്ക്ക് സാധിച്ചെങ്കിലും എല്ലാ കഥാപാത്രങ്ങളും ഒരുപോലെ തോന്നും. പണം സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെ സിനിമയിൽ എത്തിയ സുരേഖ ഒടുവിൽ അഡ്വാൻസ് തുക മടക്കി നൽകി മടങ്ങി .

തെന്നിന്ത്യൻ സിനിമയിലെ ഉജ്ജ്വലനക്ഷത്രങ്ങളായ എം ജി ആർ, എൻ ടി രാമറാവു, ശിവാജി ഗണേശൻ, പ്രേംനസീർ എന്നിവരോടൊപ്പം നായികാ പദവിയിലെത്തിയിട്ടും ദീർഘകാലം സിനിമയുടെ നക്ഷത്രാകാശത്ത് ശോഭിക്കാൻ കഴിയാതെപോയ നടിയാണ് കുശലകുമാരി. ഒരഭിനേത്രി എന്ന നിലയിൽ കൈനിറയെ സിനിമകളും അഭിനയലോകത്ത് മനസ്സ് നിറയെ സന്തോഷവും ലഭിച്ചെങ്കിലും പിന്നീടുള്ള ജീവിതം തീരാവേദനയുടേതായിരുന്നു. കോടമ്പാക്കത്തെ കെട്ടിച്ചമച്ച ബഹളങ്ങളിലോ ആർഭാടങ്ങളിലോ പെടാതെ അയൽവാസികളോടു പോലും താൻ ആരായിരുന്നു എന്ന് പറയാതെ ജീവിച്ചു തീർത്തു, വർത്തമാന സിനിമയുടെ വർണ്ണമേളങ്ങളിൽ ഇടം കണ്ടെത്താനാകാതെ ഇന്നലെയുടെ താരമായി.

ഒരു കാലത്ത് മലയാളസിനിമയിലെ നക്ഷത്രസാന്നിധ്യമായിരുന്നു നടി ഖദീജ. സിനിമയിൽ ജീവിതം തേടിയെത്തിയ ഒരുപാട് പേർക്ക് അത്താണിയായ കലാകാരി. സ്നേഹിച്ചവരും വിശ്വസിച്ചവരും കൈയൊഴിഞ്ഞപ്പോഴും നിത്യദാരിദ്രവും രോഗബാധയും തളർത്തിയപ്പോഴും തളരാതെ പിടിച്ചു നിന്ന പെൺകരുത്തിൻറെ അനുഭവങ്ങളും പുസ്തകത്തിലുണ്ട്. അമ്പത്തിയെട്ട് വർഷത്തെ ചലചിത്രനാടക ജീവിതത്തിൽ നിരവധി അനശ്വരങ്ങളായ കഥാപാത്രങ്ങൾക്ക് ജീവൻ നൽകിയ കലാകാരിയാണ് കോഴിക്കോട് ശാന്താദേവി. ജീവിതസായാഹ്നത്തിൽ ഒറ്റപ്പെട്ടുപോയ ഈ അമ്മനക്ഷത്രത്തിൻറെ ഏകാന്ത വാർധക്യത്തിലെ അനുഭവങ്ങൾ ഏതൊരു വായനക്കാരനെയും നൊമ്പരപ്പെടുത്തുന്നതാണ്. ജീവിതത്തിൻറെ അവസാന നാളുകളിൽ അനാഥമന്ദിരത്തിലെ ആരോരുമില്ലാത്ത മനുഷ്യരുടെ കൂടെ കഴിഞ്ഞുകൂടിയ ദിനങ്ങൾ. മലയാളത്തിൻറെ പ്രിയപ്പെട്ട അമ്മനടിയെന്നോ ദേശീയ അവാർഡ് നേടിയ കലാപ്രതിഭയെന്നോ അറിയപ്പെടാതെ അന്തേവാസികളോടൊപ്പം പാട്ടുപാടിയും കഥപറഞ്ഞും കടന്നുപോയ ദിനങ്ങൾ ഹൃദയസ്പർശിയായി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പിന്നിട്ട വീഥികളിൽ നാം വേണ്ടത്ര ശ്രദ്ധ നൽകാതെ പോയ ചില അഭിനയപ്രതിഭകളുടെ ജീവിതത്തിൻറെ ചുരുക്കെഴുത്ത് എന്നതിലുപരി പൊയ്പ്പോയ ഒരു കാലഘട്ടത്തിൻറെ കുറേ ഓർമകൾ പുനരാനയിക്ക പ്പെടുന്ന പുസ്തകം കൂടിയാണ് എം വേണുകുമാറിൻറെ

• • •

കവിത



# നിന്റെ ഓർമ്മകൾ

മധുര കോകിലമായൊരാസ്വരം
മെല്ലെ മെല്ലെയലിയിലും ,
അലയുതിർക്കുമാ  രാഗമാധുരി
യെൻ മാനതാരിലാകവേ ..

മഞ്ഞണിഞ്ഞൊരാ മുല്ലമൊട്ടുകൾ
ശുഷ്കമായുതിർന്നീടിലും  ,
തങ്ങിനിൽക്കുമാ ഗന്ധസൗരഭ്യ
മനശ്വരതയിലങ്ങിനേ ..

മധുപകർന്നു വിടർന്ന റോസാപ്പൂ
ഇതളടർന്നു വീണിടിലും ,
ആ ദളങ്ങൾ പകരും മാർദ്ദവം
പ്രണയതല്പത്തിലെങ്ങുമേ..

മനം കവർന്നോരാ സർഗ്ഗചേതന
മണ് മറഞ്ഞു പോയീടിലും,
'നിന്റെ  ഓർമ്മകൾ'  തേനുറവയായ്
എൻ സുഷുപ്തിയിലോമലേ..



അശോക് കുമാർ

(മഹാനായ കവി ഷെല്ലിയുടെ
'Music when soft voice die' എന്ന
കവിതയുടെ ഒരു സ്വതന്ത്ര പരിഭാഷ)

യാത്ര

# കംബോഡിയയും വിയറ്റ്നാമും ഒരു കുടുംബയാത്ര





ദീപക് സഹസ്രനാമൻ

ഓരോ വർഷവും കുടുംബത്തോടൊപ്പം ഒരു പുതിയ രാജ്യത്തേക്ക് യാത്ര പോകുന്നത് പതിവാണ്, ഈ വർഷം യാത്ര ചെയ്യാൻ പറ്റുന്ന രാജ്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ, ഇൻസ്റ്റാഗ്രാമിൽ Phu Quoc എന്ന കൊച്ചു ദ്വീപിനെ പറ്റിയുള്ള reels കണ്ടു.

വിയറ്റ്നാമിലെ ഒരു ദ്വീപ് തന്നെ, പക്ഷേ യൂറോപ്യൻ ഫീൽ ഉണ്ട്! വെനീസ് ഓഫ് വിയറ്റ്നാം എന്നാണ് Phu Quoc അറിയപ്പെടുന്നത്. അതിമനോഹരമായി തോന്നി.
അവിടെ പോയാൽ നല്ല അനുഭവം ആകുമെന്നു



തോന്നിയതിനാൽ ഭാര്യ ധന്യയുമായി ഷെയർ ചെയ്തു. പിന്നീട് ഞങ്ങൾ ഈ വർഷത്തെ വിവാഹ വാർഷികം Phu Quocഇൽ ആഘോഷിക്കാമെന്നു തീരുമാനിച്ചു. അതിനൊപ്പം തന്നെ ഒരു പുതിയ രാജ്യമായ കംബോഡിയയും യാത്രയ്ക്കു ചേർത്തു- ഇതുവരെ പോയിട്ടില്ലാത്ത രണ്ട് രാജ്യങ്ങൾ, അങ്ങനെ ഞങ്ങളുടെ ലിസ്റ്റിൽ!!!

## ദിവസം: 1

**സിംഗപ്പൂരിൽ നിന്നും കംബോഡിയയിലേക്ക്**

ഞങ്ങൾ എമിറേറ്റ്സ് വിമാനത്തിൽ ആണ് സിംഗപ്പൂരിൽ നിന്നും കംബോഡിയ തലസ്ഥാനമായ Phnom Penh വരെ യാത്ര ചെയ്തത്. എമിറേറ്റ്സിൽ ആദ്യമായാണ് യാത്ര ചെയ്യുന്നത്, അതിനാൽ അതു തന്നെ ഒരു പ്രത്യേക അനുഭവമായി. ഫ്ലൈറ്റിലെ ക്രൂ വളരെ സൗഹൃദപരമായിരുന്നു. അവർ ഞങ്ങളുടെ കുടുംബ ഫോട്ടോ എടുത്ത് അതിന്റെ ഹാർഡ് കോപ്പിയും തന്നു.

ഏകദേശം 2 മണിക്കൂർ എടുത്ത യാത്രയ്ക്ക് ശേഷം, Phnom Penh ഇൽ എത്തുമ്പോൾ കനത്ത മഴ പെയ്യുകയായിരുന്നു. എയർപോർട്ടിൽ നിന്നും ടാക്സി എടുത്ത് താമസത്തിനായി ബുക്ക് ചെയ്ത Peninsula Apartments ഇലേക്ക് പോയി. Apartment വളരെ മികച്ചതായിരുന്നു – gym, spa, steam bath, kids play area, City മുഴുവൻ കണ്ടു ആസ്വദിക്കാൻ പറ്റുന്ന ഒരു അടിപൊളി view ഉള്ള Roof Top Restaurant.. അന്നത്തെ അത്താഴം അവിടെ view ആസ്വദിച്ചു കൊണ്ട് കഴിച്ചു.

## ദിവസം: 2

**സിയാം റീപിലേക്കുള്ള യാത്ര**

അടുത്ത ദിവസം രാവിലെ നേരേ Siem Reap ലേക്കുള്ള ഫ്ലൈറ്റ് എടുക്കാനായി എയർപോർട്ടിൽ എത്തി.

ലോക്കൽ food ആയി ആളുകൾ രാവിലെ തന്നെ പോർക്ക് ഫ്രൈയും, ബീഫും ഒക്കെ ആണ് കഴിക്കുന്നത്. കമ്പോഡിയയിൽ വന്നാൽ, വെജിറ്റേറിയൻസ് ഭക്ഷണത്തിനായി കഷ്ടപ്പെടും. ഞങ്ങൾ സെർവീസ് അപാർട്മെന്റ്സ് എടുത്തിരുന്നതിനാൽ ഓട്സും, കോൺ ഫ്ലേക്ക്സളം, ഫ്രൂട്ട്സും ഒക്കെ വെച്ച് ബ്രേക്ഫാസ്റ്റ് അഡ്ജസ്റ്റ് ചെയ്തു.

ചെക്ക് ഇൻ ചെയ്തു വെയിറ്റ് ചെയ്യുന്ന ടൈമിൽ, Waiting areaയിൽ ഇന്ത്യക്കാരനായ Amit നെ കണ്ടു — Reserve Bank of India-യിൽ ജോലി ചെയ്യുകയാണ് Amit. ട്രെയിനിങ്ങിനായി കാമ്പോഡിയയിലേയ്ക്ക് വന്നതാണത്രെ. ഉടനെ തന്നെ ഫ്രണ്ട്സായി,



ഒരുമിച്ച് കാണാം എന്ന് തീരുമാനിച്ചു.
ഫ്നോം പെനിൽ നിന്ന് സിയാം റീപ് വരെ ഉള്ള ഫ്ലൈറ്റ് ടൈം വെറും 30 മിനിറ്റ് മാത്രമേ ഉള്ളു. എന്നാൽ പുതിയ എയർപോർട്ട് സിയാം റീപിൽ തുറന്നതിനാൽ അങ്കോർ വാട്ട് എത്താൻ ടാക്സിയിൽ ഒരു മണിക്കൂറിലേറെ എടുത്തു.
അങ്കോർ വാട്ട് എത്തിയ ശേഷം, ഫോട്ടോകൾക്കായി ഒരു ഫോട്ടോഗ്രാഫറെയും Templeന്റെ അകത്തളങ്ങൾ കാണിക്കാൻ ഒരു ഗൈഡിനെയും fix ചെയ്തു.
അങ്കോർ വാട്ട് ലോകത്തിലെ ഏറ്റവും വലിയ ക്ഷേത്ര സമുച്ചയമാണ്. അങ്കോർ എന്ന സ്ഥലത്താണിത് സ്ഥിതി ചെയ്യുന്നത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ദക്ഷിണേന്ത്യൻ ശൈലിയിൽ സ്ഥാപിച്ച ഈ ക്ഷേത്രം ആദ്യം സാക്ഷാൽ ആദിനാരായണനായ മഹാവിഷ്ണു ക്ഷേത്രമായിരുന്നെങ്കിലും പതിനാലാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ബുദ്ധക്ഷേത്രമായി മാറി.. പുരാതനമായ ശില്പകലയും കൊത്തുപണിയും കണ്ടപ്പോൾ, പഴയകാലത്തിലേക്ക് തിരികെ പോയതുപോലെ തോന്നി.
അങ്കോർ വാട്ടിന് ശേഷം Bayon Temple, Ta Prohm, Angkor Thom എന്നിവ ടുക്ക് ടുക്കിൽ യാത്ര ചെയ്തു കണ്ടു. India, Cambodia ഗവൺമെന്റുകൾ ചേർന്ന് Ta Prohm ടെംപിളിന്റെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നുവെന്ന് കാണുമ്പോൾ അഭിമാനമായി. Tuk tuk ഡ്രൈവറുമായി സംസാരിച്ചപ്പോൾ അവർക്കു ഇന്ത്യക്കാരെ ഭയങ്കര ബഹുമാനവും ഇഷ്ടവും ആണെന്ന് മനസ്സിലായി.
Phnom Penh സിറ്റി ലൈഫ് ആണെങ്കിൽ Siem Reap പ്രകൃതി ഭംഗി നിറഞ്ഞ ഗ്രാമഅന്തരീക്ഷം ആയിരുന്നു. ബുദ്ധ ക്ഷേത്രങ്ങളും, മരങ്ങളും, കാടുകളും നിറഞ്ഞ തനി നാട്ടിൻ പുറം. ആളുകൾ കിട്ടുന്ന പൈസയിൽ നല്ല സന്തോഷം കണ്ടെത്തുന്നവർ. എല്ലാം ഉണ്ടായിട്ടും പരാതി പറയുന്ന ആളുകൾ ഇവിടത്തെ ജനങ്ങളെ കണ്ടു പഠിക്കണം എന്ന് തോന്നി. സിങ്കപ്പൂർ പോലെ ഹൈടെക്ക് സിറ്റിയിൽ മാത്രം വളർന്ന കുട്ടികൾ തീർച്ചയായും വന്ന് കാണേണ്ട ഒരു രാജ്യം ആണ് കമ്പോഡിയ. ഒട്ടേറെ ജീവിത അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്ന ഒരു രാജ്യം.
ലഞ്ച് plus ഡിന്നർ അവിടത്തെ ഒരു സൗത്ത് ഇന്ത്യൻ റെസ്റ്റോറന്റിൽ ആക്കി. Lotus Dosa Corner. Cambodia പോയി ദോശയും ഫിൽറ്റർ കോഫിയും കിട്ടിയപ്പോൾ മോന്റെ മുഖത്തെ സന്തോഷം വേറെ ആയിരുന്നു. നാടൻ ഭക്ഷണം ഇഷ്ടപെടുന്ന മോനും ധന്യയും happy ആയി.
അന്ന് വൈകീട്ടത്തെ ഫ്ലൈറ്റിൽ തന്നെ Phnom Penh ഇൽ തിരിച്ചെത്തി. മുംബൈയിൽ വരുമ്പോൾ തീർച്ചയായും മീറ്റ് ചെയ്യാം എന്ന് പറഞ്ഞ്, Amit നോട് ഗുഡ് ബൈ പറഞ്ഞു.

## ദിവസം: 3

ദിവസം 3: Phnom Penh എക്സ്പ്ലോർ ചെയ്യുന്നു
മൂന്നാം ദിവസം മുഴുവൻ Phnom Penh നഗരദർശനം നടത്തി. കംബോഡിയൻ ഡ്രസ്സ് വാങ്ങി ധരിച്ചു.
Wat Phnom എന്ന സ്ഥലത്തേക്കായിരുന്നു രാവിലെ യാത്ര-നഗരത്തിലെ ഏക മലയുടെ മുകളിൽ ഉള്ള സാന്ദ്രമായ ബുദ്ധക്ഷേത്രം. പച്ചമരങ്ങളും ശാന്തമായ അന്തരീക്ഷവും മനസ്സിൽ നിറഞ്ഞു. ക്ഷേത്രം ചെറുതാണെങ്കിലും മനോഹരമാണ്,

നിറമുള്ള ചിത്രശാലകളും ധൂപത്തിന്റെ സുഗന്ധവുമുണ്ട്.
പ്രാദേശികർ പ്രാർത്ഥനക്ക് എത്തിയത് കാണാൻ പറ്റി. Tuk Tuk ഇൽ ഉള്ള ചെറിയ rides മോൻ നന്നായി ആസ്വദിക്കുന്നുണ്ടായിരുന്നു.
ഉച്ചയ്ക്ക്, താമസിക്കുന്ന സ്ഥലത്തിന് അടുത്തുള്ള ഒരു പഗോഡ സന്ദർശിച്ചു. വൈകിട്ട് സിറ്റി മാർക്കറ്റിൽ പോയി ഒന്ന് കറങ്ങി 23 സാധനങ്ങൾ വാങ്ങി.
ശേഷം താമസിച്ച ഹോട്ടലിന് എതിരെയുള്ള സ്ഥലത്ത് കാർണിവൽ ഉണ്ടായിരുന്നു, അവിടെ പോയി. കുട്ടികൾക്കായി ഒട്ടനവധി rides ഉള്ളത് കൊണ്ട് മോൻ സന്തോഷവാനായി.

## ദിവസം: 4

**ഫു ക്വോകിലേക്ക് യാത്ര**

അടുത്ത ദിവസം, ഫു ക്വോകിലേക്ക് യാത്ര തുടങ്ങി. രാവിലെ 8 മണിടെ flight ആയിരുന്നു, 5.30ക്കു തന്നെ ചെക്ക് ഔട്ട് ചെയ്ത്, താമസിച്ച ഹോട്ടലിലെ റിസപ്ഷൻ അംഗങ്ങളോട് നന്ദി പറഞ്ഞു ഇറങ്ങി.
ബാങ്കോക്കിൽ ട്രാൻസിറ്റുണ്ടായിരുന്നു. 4 മണിക്കൂർ സമയം ഉള്ളത് കൊണ്ട് ടാക്സിയിൽ പോയി നല്ല ഒരു റെസ്റ്റോറന്റ് ഇൽ നിന്നും ലഞ്ച് കഴിച്ചു.
ഇതൊരു മനോഹരമായ ദിവസം ആയി:
ബ്രേക്ക്ഫാസ്റ്റ് കംബോഡിയയിൽ, ലഞ്ച് തായ് ലാന്റിൽ,
ഡിന്നർ വിയറ്റ്നാമിൽ ??
Phu Quoc International Airport ചെറുതാണ്. ഇറങ്ങിയ ഉടനെ കടൽ കാറ്റും ഉപ്പിന്റെ ഗന്ധവും ഉള്ള ഒരു മനോഹര സ്വീകരണം.
ഞങ്ങൾ താമസിച്ചിരുന്നത് Sheraton Long Beach Resort ഇൽ ആണ്. അവിടെ നിന്ന് ഫ്രീ എയർപോർട്ട് പിക്കപ്പ് ഉണ്ടായിരുന്നു. എയർപോർട്ടിൽ നിന്നും ഏകദേശം 45 മിനിറ്റ് ഉണ്ട് റിസോർട്ടിലേക്ക്.
ഞങ്ങൾ വിവാഹ വാർഷികം ആഘോഷിക്കാനായി വരുന്നതാണ് എന്നറിയിച്ചിരുന്നതിനാൽ, അവർ ഞങ്ങൾക്ക് ബുക്ക് ചെയ്തിരുന്ന Garden View റൂമിൽ നിന്നും Ocean View Room-ലേക്ക് ഫ്രീ അപ്ഗ്രേഡ് നൽകി.
ആ രാത്രി ഞങ്ങൾ Grand World എന്ന സ്ഥലത്ത് പോയി. വെനീസ് എന്ന് തോന്നിപ്പിക്കുന്ന രീതിയിൽ ഉള്ള ഒരു മാസ്മരിക സ്ഥലം. വെനീസ് റിവർ എന്ന് അറിയപ്പെടുന്ന ആ മനുഷ്യ നിർമ്മിതിയിലൂടയുള്ള ബോട്ട് യാത്ര അതി മനോഹരം ആയിരുന്നു. കൂടാതെ ഒരു ലൈറ്റ് ഷോയും കണ്ടു ആസ്വദിച്ചു, ആ നീണ്ട ദിവസം അവസാനിച്ചു.

## ദിവസം: 5

**വിവാഹ വാർഷികം**

വിവാഹ വാർഷിക ദിനം – May 26 അങ്ങനെ വന്നെത്തി. Sheraton-ൽ നിന്നുള്ള അതി വിശാലമായ ബ്രേക്ക്ഫാസ്റ്റിന് ശേഷം ഡ്രൈവർ ഞങ്ങളെ 10:00 AM-ന് പിക്കപ്പ് ചെയ്തു.(ആ full ഡേ യാത്ര ചെയ്യാനായി ഞങ്ങൾ ഒരു ടാക്സി ഏർപ്പാടാക്കിയിരുന്നു)
ആദ്യമായി പോയത് Ngoc Hien Pearl Cetnre. ഇവിടെ മുത്തുകൾ എടുക്കുന്നതും, അതിൽ ആഭരണങ്ങൾ ഉണ്ടാക്കുന്നതും കാണാം. ധന്യയ്ക്കായി ഒരു കമ്മൽ വാങ്ങി, കടയ്ക്ക് പിന്നിലായി മനോഹരമായ ഒരു ബീച്ച്. അവിടെ നിന്നും കുറച്ച് ഫോട്ടോകൾ എടുത്തു.



പിന്നീട് പോയത് Sun World ലേക്കാണ്. ലോകത്തിലെ തന്നെ ഏറ്റവും നീളം കൂടിയ സമുദ്ര കേബിൾ കാർ ഇവിടെ ആണ്. ഇത് ആൻ തോയ് (An Thoi) തുറമുഖത്തു നിന്നും ഹോൺ തോം (Hon Thom) ദ്വീപിലേക്കാണ് പോകുന്നത്, ഏകദേശം 8 കിലോമീറ്ററിലേറെ നീളത്തിൽ. കേബിൾ കാറിൽ യാത്ര ചെയ്യുമ്പോൾ, താഴെ നീലിമ നിറഞ്ഞ ദക്ഷിണ ചൈന കടൽ, ചെറിയ പച്ചപ്പിൽ പൊതിഞ്ഞ ദ്വീപുകൾ, മത്സ്യബന്ധന ബോട്ടുകൾ, സ്പീഡ് ബോട്ടുകൾ, കടലിന്റെ മേൽ ചാരുന്ന സൂര്യകിരണങ്ങൾ എല്ലാം ഒറ്റനോട്ടത്തിൽ കാണാം.

ഏറ്റവും നല്ല ഭാഗം – ഒരു ഗോണ്ടോളയിൽ ഞങ്ങൾ മൂന്ന് പേരും മാത്രം! ഹോൺ തോം ദ്വീപിൽ ഒരു adventure പാർക്ക് ആണ് ഉള്ളത്, വേറെയും attractions തുറക്കാനുള്ള പണി നടക്കുന്നു — Sentosa (Singapore) പോലെ. അവിടെ കുറച്ച് സമയം ചെലവഴിച്ച്, ലഞ്ച് കഴിച്ചു. വീണ്ടും കേബിൾ കാറിലൂടെ മെയിൻലാൻഡിലേക്ക് തിരിച്ചു.
അവിടെ തന്നെ ഉള്ള കിസ്സ് ബ്രിഡ്ജ് കണ്ടു. പ്രശസ്തമായ kiss of the sea Show നടക്കുന്നത് അവിടെയാണ്. Sunset town എന്നാണ് ഈ സ്ഥലം അറിയപ്പെടുന്നത്.
തിരിച്ചു ഒരു മണിക്കൂർ ടാക്സി യാത്ര കഴിഞ്ഞു ഹോട്ടൽ എത്തി. ടാക്സി ഡ്രൈവറോട് യാത്ര പറഞ്ഞു.
സന്ധ്യ മുഴുവനും ഹോട്ടൽ പൂളിലും കടൽത്തീരത്തും കളിച്ചു. അത്താഴത്തിനു ശേഷം വീണ്ടും Grand World-ലേക്ക് പോയി. സ്കൂട്ടർ rent നു എടുത്തു ചുറ്റിക്കറങ്ങി, ഷോകൾ കണ്ടു. സൂവനിർകൾ വാങ്ങി.

## ദിവസം: 6

**യാത്രയുടെ അവസാന ദിനം**
അവസാന ദിവസം, രാവിലെ നേർത്തെ എഴുന്നേറ്റു. ബാഗുകൾ പാക്ക് ചെയ്തു, ശേഷം ബ്രേക്ക്ഫാസ്റ്റ് കഴിച്ചു. Sheratonil ലെ ഭക്ഷണത്തെ പറ്റി പറയാതെ വയ്യ. അതി ഗംഭീരം ആയ buffet ബ്രേക്ഫാസ്റ് തന്നെ.
തുടർന്ന് സ്പാ ചെയ്തു. Sheratonലെ തന്നെ restaurant ആയ Wok and Curry- ഇൽ നിന്നും നല്ല അടിപൊളി ലഞ്ച് കഴിച്ചു.



ശേഷം Marriott ഒരുക്കിയ ഫ്രീ ഷട്ടിൽ സർവീസ് ഉപയോഗിച്ച് Phu Quoc International Airport എത്തി. തിരിച്ചുള്ള ഫ്ലൈറ്റ് scoot ആയിരുന്നു. കൃത്യ സമയത്തു തന്നെ ഫ്ലൈറ്റ് ടേക്ക് ഓഫ് ചെയ്തു. രാത്രി 8 മണിക്ക് അങ്ങനെ തിരിച്ചു സിങ്കപ്പൂർ ലാൻഡ് ചെയ്തു.
കംബോഡിയയും വിയറ്റ്നാമും, ചരിത്രവും, സംസ്കാരവും പ്രകൃതിയും എല്ലാം ചേർന്ന മനോഹരമായ യാത്ര - ഒരിക്കലും മറക്കാനാകാത്ത അനുഭവം!

# The Day Time Got Away

I woke up determined, ready to conquer the day
Unfortunately, that was not fate's play.
I made my coffee, the day had began,
Armed with my cup and no real plan.

I sat at my desk with a long to-do list,
Feeling like nothing could possibly be missed.
But somehow, instead of tending to my tasks,
I did what no one ever asks

Organised my bookshelf, a tedious quest
Doodled on my pages, ignored the rest
Wasted the hours in stages,
Doomscrolled on my phone for ages

My goals were forgotten, my focus astray
Yet, I still called it progress at the end of the day.





**Aiza Manha**
Secondary 2

കവിത

# മായുന്ന ഭൂപടങ്ങൾ





ശാന്തി കൃഷ്ണൻ

മാമലയുടെ മാറുചുരന്നുകിനിഞ്ഞു
പതഞ്ഞൊരു പൂഞ്ചോല

ചോലത്തണ്ണീരു പതിഞ്ഞു നനഞ്ഞു
തളിർത്തൊരു കാടകവും

കാടങ്ങനെ പൂത്തേ നിന്നേ
വേരിൽ പുതുനാമ്പ് കിളിർത്തേ
മണ്ണിന്റെ മടിത്തട്ടോളാം കാട് പടർന്നേ

മാളോരാ മാമല കണ്ടേ
പൂഞ്ചോലച്ചേലും കണ്ടേ
കണ്ണിൽ പൊൻതുട്ട് കിലുങ്ങും കാടും കണ്ടേ

ഞാനങ്ങനെ നോക്കിയിരിക്കെ
കാടെല്ലാം മാഞ്ഞേ പോയെ

ഞാനങ്ങനെ നോക്കിയിരിക്കെ
പൂഞ്ചോല വരണ്ടേപോയേ

ഞാനങ്ങനെ നോക്കിയിരിക്കെ
ആകാശമുടഞ്ഞേ പോയേ

ഞാനങ്ങനെ നോക്കിയിരിക്കെ
നാമെല്ലാം മാഞ്ഞേ പോയേ

കവിത



അലി പൊന്നാനി

# സമാന്തരരേഖയിലെ മൗനസഞ്ചാരങ്ങൾ

അഗ്നിനാളം പടർത്തി
ആത്മാവിലേക്കാഴ്ന്നിറങ്ങിയ
ഒരുവേനലിനെ മറച്ചു വച്ച്
കാടറിയാതെ
പൂക്കളെ പ്രണയിച്ച
ഒരു വസന്തത്തെ കാത്ത്
മൗനം പുതച്ച
ഈ വാല്മീകത്തിൽ
ഞാനിരിക്കുന്നു.

സ്മൃതികളിൽ തെളിയാതെ
ചിരിയുടെ അടരുകളില്ലാത്ത
ഉണങ്ങിയ വയൽപോലെ
ഞാനെന്നിൽ
മരിച്ചും മരവിച്ചും
ഋതുക്കൾ പൊഴിക്കുന്നു.

ചുടുനീരിറങ്ങി
ചിന്തയുടെ
തൊണ്ട വറ്റുമ്പോൾ
നിറമുള്ള ചൂടിൻറെ
ഉറവകൾ കൊണ്ട്
ഹൃദയം ചുട്ടുനീറുന്നുണ്ട്.

നൂൽപ്പാലങ്ങൾ താണ്ടിയ
ജീവിതവ്യഥയുടെ
നരകത്തിലേയ്ക്ക്
ചത്തുപോയ സ്വപ്നങ്ങളുടെ
മാറാല കെട്ടിയ
പഴയ ശിലാരൂപങ്ങളുണ്ട്.

കൈപ്പുരസം മുറ്റിയ
ചുംബനങ്ങളുടെ
കറുത്ത അടയാളങ്ങളിൽ
ഒരാരണ്യകം
വന്യതയുടെ
ഭയം തിന്നു കറുത്ത്
ഇരുട്ടിലേയ്ക്കൊരു
തിറ കൊട്ടിപ്പാടുന്നു.

വേനൽ തിളയ്ക്കുന്ന
എൻറെ ചുണ്ടുകളിലെ
പാതി  ഛേദിച്ച സ്വപ്നത്തിൽ
ഇരുട്ട് ചിതറിത്തെറിച്ച്
ചിന്തയിലൊരഗ്നി
കെട്ടുപോകുന്നു.

ഉടയാടകളുരിഞ്ഞ
നിറം മങ്ങിയ ഓർമ്മകളിൽ
തണുപ്പ് വരിഞ്ഞ
ഹൃദയത്തിൻറെ
അളവ് തെറ്റിയ
ചില കണക്കുകൾ,
കരുവാളിച്ച
ചക്രവാളത്തിലേയ്ക്ക് ചാഞ്ഞ
ഒരു മരമായ് മാറുന്നു.

ഭ്രമണം തെറ്റിയ പനി,
കവിതയിലെ കാടിനെ
പൊള്ളിക്കുമ്പോൾ
പാതി ഛേദിച്ച
സ്വപ്നത്തിലെ
വേട്ടക്കാരന്
എൻറെ ഛായ !!!

വീഞ്ഞിൽ നിന്ന്
നുരഞ്ഞിറങ്ങിയ
സ്വപ്നത്തിൻറെ ഉറവു ചാലുകൾ
ചുട്ടുപൊള്ളിയ
ഹൃദയത്തിൻറെ
വേരുകളിലേയ്ക്ക്
പടർന്ന് കയറുന്നു.

വരണ്ട ചിന്തകളിൽ
ഇപ്പോഴൊരു
കടൽ
ചിരിക്കുന്നുണ്ട്;
ചിതൽ തിന്ന
നല്ലോർമ്മകളിൽ
നനവ് വറ്റിയ
പ്രണയത്തിൻറെ
വെയിൽ നിറഞ്ഞ
കടലിനു മീതെ
ഒരു വേനൽ മഴ
ചിതറുന്നുണ്ട്.

വന്യതകളുടെ
ഭയമുള്ള ഇരുട്ടിൽ
ഒരു രാക്കിളി
ഋതു തെറ്റിച്ച
കാറ്റിനെ പഴിച്ച്,
ചാവുകടലിന്റെ
നരച്ച പകലിൽ നിന്നും
വറുതിയുടെ
വിരഹത്തിലേയ്ക്ക്
ശബ്ദമില്ലാത്ത
ചിറകടികളോടെ
യാത്രയാകുന്നു.

# THANKS

MIS
Singapore Malayalees

The place where Malayalees in Singapore Stay Connected

www.sgmalayalees.com